# കൈത്താക്കാലം

## വചന വിചിന്തനം

### കൈത്താക്കാലം മൂന്നാം ഞായർ

**യോഹ 9,1-12, 35-38**

“നീ പോയി കഴുകുക, അവൻ പോയി കഴുകി, കാഴ്ച്ച ലഭിച്ചു.”
സാഹസമെടുക്കാൻ കഴിയുന്നവന് അനുഗ്രഹം
വചനം പാലിക്കുന്നവന് അനുഗ്രഹം
അനുസരിക്കുന്നവന് അനുഗ്രഹം
ചുരുക്കത്തിൽ, **അനുസരിക്കുന്നവൻ അനുഗ്രഹീതൻ**

പ്രകാശമായ ക്രിസ്തു ജീവിത്തിൽ അന്ധത ബാധിച്ച ഒരു മനുഷ്യനെ പ്രകാശത്തിലേയ്ക്ക് കൊണ്ടുവരുന്നതാണ് ഇന്നത്തെ വിചിന്തന പ്രമേയം. രണ്ടുകാര്യങ്ങളാണ് ഈശോയെ ലോകത്തിന്റെ പ്രകാശമാക്കുന്നത്. ഒന്ന്, തന്നെ അയച്ചവന്റെ പ്രവർത്തികൾ ചെയ്യുന്നത്. രണ്ട്, അത് പകലായിരിക്കുവേളം ചെയ്യുന്നത്. പകലായിരിക്കുവോളം എന്നത് ജീവിതകാലം മുഴുവനും എന്നാണ് അർത്ഥമാക്കുന്നത്. ആർക്കും ജോലി ചെയ്യാൻ സാധിക്കാത്ത രാത്രികാലം എന്നത് മരണത്തെയും സൂചിപ്പിക്കുന്നു. തന്റെ മരണ നിമിഷം വരെ തന്നെ അയച്ച പിതാവിന്റെ ഹിതം അനുസരിച്ചതിനാലാണ് യേശു പ്രകാശമായി തീർന്നത്.

“മക്കനെ നീ വെറും
മാന്യനാകാതെ
മനുഷ്യന്റെ പച്ച
യായി തീരുക;
മനുഷ്യനായിത്തന്നെ
വളരുക.”

കടമ്മനിട്ട

യോഹ 5,19, “പിതാവ് ചെയ്യുതു കാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടം അനുസരിച്ച് ഒന്നു പ്രവർത്തിക്കാൻ സാധിക്കുകയില്ല.” തന്റെ പഠനങ്ങളും പ്രബോധനങ്ങളും, അത്ഭുതങ്ങളുമെല്ലാം പിതൃഹിതത്തിന്റെ അനുവർത്തനമായിട്ടാണ് യേശുനാഥൻ കാണുന്നത്. അതുകൊണ്ടാണ് യേശു പറയുന്നത്, “എന്റെ പിതാവ് എപ്പോഴും പ്രവർത്തന നിരതനാണ്, ഞാനും പ്രവർത്തിക്കുന്നു” (യോഹ 5,17). ഈ ദൗത്യബോധം യേശുവിന്റെ ജീവിതത്തെ പ്രകാശമാനമാക്കുന്നു. ഓരോ മനുഷ്യന്റെ ജീവിതത്തിലും ഒരു ദൗത്യമുണ്ടായിരിക്കും. ദൈവം വിഭാവനം ചെയ്യുന്ന ആ ലക്ഷ്യം പൂർത്തീകരിക്കപ്പെടുമ്പോഴാണ് മനുഷ്യന് സമാധാനവും സന്തോഷവും ലഭ്യമായി തിരുക. സ്വാർത്ഥേച്ചകൾക്കനുസരിച്ച് മനുഷ്യൻ നെട്ടോടമോടുമ്പോൾ അസംതൃപ്തിയും സന്തോഷമില്ലായ്മയും ഫലമായി തീരുന്നു.

യോഹ 9,38 ൽ അന്ധനായിരുന്നവൻ യേശുവിനെ നാഥനായി അംഗീകരിച്ച് ആരാധിച്ചു എന്ന് നാം വായിക്കുന്നു. ആരാധന ഒരു സമർപ്പണമാണ്. ഈ ആരാധനയിലേയ്ക്കും സമർപ്പണത്തിലേയ്ക്കും പടിപടിയായിട്ടാണ് അവൻ യാത്ര ചെയ്യുന്നത്. അത് ഒരു വിശ്വാസ തീർത്ഥാടനമായിരുന്നു. യേശു എന്നു വിളിക്കപ്പെടുന്ന മനുഷ്യൻ (9,11) പ്രവാചകൻ (9,17), ദൈവത്തിൽ നിന്നുള്ളവൻ (9,33), സ്വർഗ്ഗീയ ദൈവപുത്രൻ എന്നിങ്ങനെ അവന്റെ വിശ്വാസ തീർത്ഥാടനത്തിന്റെ പടികൾ കയറിയാണ് ദൈത്തിന്റെ മുമ്പിൽ പൂർണ്ണമായി അർപ്പണം ചെയ്യുന്നത്.

ഈ വിശ്വാസ തീർത്താടനത്തിന്റെ ആദ്യപടി അനുസരണമായിരുന്നു, സാഹസമായിരുന്നു. വഴിയെ പോയ ഒരുവൻ അന്ധന്റെ കണ്ണിൽ ചെളി പുരട്ടി സീലോഹയിൽ കഴുകാൻ ആവശ്യപ്പെടുന്നു. അന്ധൻ അത് അനുസരിക്കുന്നു. സത്യത്തിൽ നമ്മെ അമ്പരപ്പിക്കേണ്ടത് ഇതാണ്. ചെളി പുരട്ടിയൻ ദൈവമാണെന്നോ, സീലോഹായിലെ കഴുകലിന് കാഴ്ച നൽകാൻ കഴിയുമെന്നോ ഉറപ്പു പോയിട്ട് അറിവുപ്പോലുമില്ലാതെയാണ് അവൻ അനുസരിക്കുന്നത്. ആരുടെയും നിർബന്ധമോ പ്രേരണയോ അതിന്റ പുറകിലില്ലെന്നതു ശ്രദ്ധേയമാണ്. ക്രിസ്തുവിന്റെ വാക്ക് അവൻ അനുസരി

ക്കുന്നു.

അനുസരണം അനുഗ്രഹം കൊണ്ടുവരുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ കാനായിലെ വിവാഹം വിവരിക്കുന്നുണ്ട്. കൽഭരണികളിൽ പച്ചവെള്ളം നിറച്ചുവച്ചീട്ടാണ് വിളമ്പാൻ ആവശ്യപ്പെടുന്നത്. അനുസരിച്ചപ്പോൾ സ്വദേറിയ വീഞ്ഞ് ലഭിച്ചു. 5 ബാർലിയപ്പം കയ്യിൽ പിടിച്ചിട്ടാണ് 5000ത്തിലധികം വരുന്ന ജനസഞ്ചയത്തെ ഭക്ഷണത്തിനായ് പന്തികളായി ഇരുത്താൻ ആവശ്യപ്പെടുന്നത്. അനുസരിച്ചപ്പോൾ 5 അപ്പം 5000യിരം പേർ കഴിച്ചിട്ടും 12 കുട്ട ബാക്കിയായി. സൗഖ്യത്തിനപേക്ഷിച്ച 10 കുഷ്ഠരോഗികളോട് പുരോഹിതരെ കാണിച്ചു കൊടുക്കാനാണ് പറഞ്ഞത്. സൗഖ്യപ്പെടുത്താതെ എങ്ങനെ പുരോഹിതരെ കാണിക്കും എന്ന് മറു ചോദ്യമുണ്ടായില്ല. യാത്രാമദ്ധ്യേയാണ് സൗഖ്യം ലഭിച്ചത്. പഴയ നിയമത്തിൽ കുഷ്ഠരോഗിയായിരുന്ന നാമാൻ ഏലീഷായുടെ അടുത്തെത്തിയപ്പോൾ ജോർദാനിൽ ഏഴുപ്രാവശ്യം സ്നാനം ചെയ്യാൻ ശിഷ്യനിലൂടെ അറിയിക്കുക മാത്രമെ ചെയ്തുള്ളു. ആദ്യമൊന്ന് അമ്പരന്നെങ്കിലും ഏഴാം പ്രാവശ്യം മുങ്ങിയെഴുന്നേറ്റപ്പോഴാണ് കുഷ്ഠരോഗത്തിൽ നിന്ന് നാമാൻ വിമുക്തനായത്.

അത്ഭുതത്തിന്റെയോ സൗഖ്യത്തിന്റെയോ ആഹ്വാനങ്ങളോ ഉറപ്പുകളോ ഇല്ലാതിരുന്നിട്ടും ദൈവവചനങ്ങൾക്ക് ചെവി കൊടുത്തപ്പോൾ, വിധേയത്വം പുലർത്തിയപ്പോൾ അത് അനുഗ്രഹമായി മാറുന്നതായാണ് ഇവിടെ നാം കണ്ടത്. ഇത് ഒരു സാഹസീകതയാണ്. ഫലത്തെക്കുറിച്ച് യാതൊരു ഉറപ്പുമില്ലാത്തപ്പോഴും അതിനായി ഇറങ്ങിതിരിക്കണമെങ്കിൽ അതിനുമാത്രം വിശ്വാസം വേണം. ഈ വിശ്വാസത്തെയാണ് നാഥൻ വിലമതിക്കുന്നത്. ഈ വിശ്വാസമാണ് അനുസരണത്തിലേയ്ക്ക് നയിക്കുന്നത്. ആ അനുസരണം അത്ഭുതമായും അനുഗ്രഹമായും അവതരിക്കുന്നു.

“നിന്റെ വിശ്വാസം
നിന്നെ രക്ഷിച്ചിരിക്കുന്നു.”
ആദ്യത്തെ കണ്ടുമുട്ടൽ
രോഗശാന്തിക്ക് വേണ്ടി.
രണ്ടാമത്തെത് രക്ഷയ്ക്ക്
വേണ്ടി...

വചനത്തോടുള്ള വിധേയത്വമാണ് ദൈവം മനുഷ്യനിൽ നിന്ന് ആഗ്രഹിക്കുന്നത്. ഭൗതികമായി വളർന്ന മനുഷ്യൻ ബുദ്ധിയുടെ അളവുകോലിൽ എല്ലാം വിലയിരുത്തുമ്പോൾ അവന് നഷ്ടമാകുന്നത് ഈ വിധേയത്വമാണ്. ആകുലതകൾക്കും ഉത്കണ്ഠകൾക്കും വിരാമമിടുന്നതും ഈ വിധേയത്വം തന്നെയാണ്.

മനുഷ്യൻ നിഷ്ക്രിയമാകണമെന്നോ അലസതയിലേയ്ക്ക് കൂപ്പുകുത്തണമെന്നോ അല്ല ഇതർത്ഥമാക്കുന്നത്. അലസനും നിഷ്ക്രിയനും ദൈവാനുഗ്രഹം ലഭിക്കുകയില്ല എന്നുകൂടെ ഇന്നത്തെ വചനഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. ഏത് ഒരു അനുഗ്രഹത്തിന്റെയും അത്ഭുതത്തിന്റെയും പിന്നാമ്പുറങ്ങളിൽ മനുഷ്യന്റെ അദ്ധ്വാനവും സഹകരണവുമാണ് നമുക്ക് കാണാവുന്നത്. മനുഷ്യന്റെ അദ്ധ്വാനത്തെയും സഹകരണത്തെയും വിലമതിക്കുന്ന ദൈവത്തെ നാം ഇവിടെ കണ്ടുമുട്ടുന്നു.

ഒറ്റവാക്കാൽ കൽഭരണികൾ നിറയ്ക്കാനും പുതുവീഞ്ഞ് നൽകാനും കഴിവുള്ള ദൈവം മനുഷ്യനെ അതിൽ സഹകരിപ്പിക്കുകയാണ്.അവരോട് പറയുന്നു, ഭരണികൾ കോരി നിറയ്ക്കുവിൻ എന്ന്. ഒറ്റവാക്കാൽ നാമാനെ സുഖപ്പെടുത്താമായിരിന്നിട്ടും അവന്റെ സഹകരണത്തെ ദൈവം ആവശ്യപ്പെടുന്നു. ആകാശത്ത് നിന്ന് മന്ന പെയ്യിച്ചവന് വേണമെങ്കിൽ മുന്നിലെ ജനസഞ്ചയത്തെ ഒറ്റവാക്കാൽ തീറ്റിപ്പോറ്റാമായിരുന്നു. പക്ഷെ, അവന്റെ അദ്ധ്വാനത്തിന്റെ ഫലത്തെ മാനിക്കുന്നവനാണ് ദൈവം. വിശ്വാസം മതി ബാക്കി എല്ലാം ദൈവം ചെയ്യും എന്ന അലസഭാവത്തിനാണ് ഇവിടെ പ്രസക്തിയില്ലാതാവുന്നത്. യാക്കോബ് ശ്ലീഹായുടെ അഹ്വാനം ഇവിടെ ശ്രദ്ധേയമാണ്, “പ്രവർത്തികൂടാതെയുള്ള വീശ്വാസം വിർജ്ജീവമാണ്.” പ്രവൃത്തിയിലേയ്ക്ക് നയിക്കുന്ന വിശ്വാസത്തിനാണ് ഫലപ്രാപ്തിയുള്ളത്. “നീ പോയി സീലോഹായിൽ കഴുകുക.” അന്ധന്റെ അനുസരണത്തിന് വിശ്വാസത്തിന്റെ പിൻബലമുണ്ട്. പ്രവൃത്തിയാൽ പൂർത്തികരിക്കപ്പെട്ട വിശ്വാസം അനുഗ്രഹദായകമായി. അതുകൊണ്ട് അയൽക്കാർക്കും ഫരിസേയനും യഹൂദരും മാറി മാറി അവനെ ചോദ്യം ചെയ്തിട്ടും സിനഗോഗിൽ നിന്ന് പുറത്താക്കിയിട്ടും അന്ധൻ തന്റെ വിശ്വാസത്തിൽ ഉറച്ചു നിന്നത്.

"സർവ്വ ധർമ്മങ്ങളും
പരിത്യജിച്ച്
എന്നെ തന്നെ ശരണം
പ്രാപിക്കുക;
ഞാൻ നിന്നെ
സർവ്വ പാപങ്ങളിൽ
നിന്നും മോചിക്കും;
ദുഃഖിക്കേണ്ട."

ഭഗവത് ഗീത

കർത്താവ് നിന്റെ ജീവിതത്തിലും ഒരു സാഹസത്തിന് ക്ഷണിക്കുകയാണ്. നീ അതിന് തയ്യാറുണ്ടോ. സ്വരുക്കൂട്ടിയിരിക്കുന്ന ബാങ്ക്ബാലൻസിലും, കെട്ടിപൊക്കിയിരിക്കുന്ന മണിസൗധങ്ങളിലും, പിടിച്ചടക്കിയിരിക്കുന്ന വസ്തുകളിലും ആശ്രയം വയ്ക്കാതെ, മത്സ്യം നിറഞ്ഞ വള്ളമുപേക്ഷിച്ച് കൂടെപ്പോരാൻ പറഞ്ഞ്, സുരക്ഷിതമായ വള്ളത്തിൽ നിന്ന് ആർത്തിരുമ്പുന്ന കടലിലൂടെ തന്റെ അരികിലേയ്ക്ക നടന്നു വരാൻ ആവശ്യപ്പെട്ട കർത്താവിൽ മനസുറപ്പിക്കാൻ, മിഴിയുയർത്താൻ നിനക്കാകുമോ?

ഇതൊരു സാഹസമാണ്.. പക്ഷെ, കാത്തിരിക്കുന്നത് അനുഗ്രഹവും അനുഗ്രഹദായകനുമാണ്...

---

റവ. ഫാ. ഡോ. ആന്റോ ചുങ്കത്ത്